# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5128 28.10.2016-ൽ മറുപടിക്ക്

## തുറമുഖവകുപ്പിന് കീഴിലുള്ള കടവുകളിൽ മണൽഖനനവും വിപണനവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ. രാമചന്ദ്രൻകടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിൽ തുറമുഖവകുപ്പിന് കീഴിലുള്ള കടവുകളിൽ നിന്ന് മണൽ ഖനനവും വിപണനവും നടത്തുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിനു കീഴിൽ മഞ്ചേശ്വരം, കാസർഗോഡ്, ചെറുവത്തൂർ എന്നിവിടങ്ങളിലായി 12 കടവുകളിൽ മണൽ ഖനനവും വില്പനയും നടന്നുവരുന്നുണ്ട്. ഇതുവഴി കാസർഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിന് മാത്രമായി 1 കോടിയോളം രൂപ വരുമാനമുണ്ട്. |
| (ബി) | ഇത്തരത്തിൽ മണൽ ഖനനത്തിനും വിപണനത്തിനും നിലവിൽ ആർക്കൊക്കെയാണ് അനുമതിയുള്ളത്; വിവരിക്കുമോ; | (ബി) | ഗവൺമെന്റ് ഉത്തരവുകളുടേയും ടെണ്ടർ നോട്ടിഫിക്കേഷന്റെയും അടിസ്ഥാനത്തിൽ 1969-ലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളിൽ നിന്നും ടെണ്ടർ വഴി തെരഞ്ഞെടുക്കപ്പെട്ടവർക്കാണ് അനുമതി നൽകിയിട്ടുള്ളത്. സൊസൈറ്റികളുടെ പേര്, അനുബന്ധമായി ചേർക്കുന്നു. |
| (സി) | അനുമതിയുള്ള സൊസൈറ്റികൾ യഥാർത്ഥ മണൽ വാരൽ തൊഴിലാളികളെ ഉൾപ്പെടുത്തിയല്ല രൂപീകരിച്ചിട്ടുള്ളതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഉണ്ട്. പരാതികളും ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ വിശദ പരിശോധന നടത്തി നിലവിൽ മണൽ മാഫിയ ബന്ധമുള്ള സൊസൈറ്റികളെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | മണൽ മാഫിയ ബന്ധമുള്ള സൊസൈറ്റികൾ ഉണ്ടെങ്കിൽ അവ പരിശോധിച്ച് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മണൽ ഖനനവുമായി ബന്ധപ്പെട്ട നയരൂപീകരണം സർക്കാർ ആലോചിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കാസർഗോഡ് ജില്ലയിൽ തുറമുഖവകുപ്പിന് കീഴിലുള്ള കടവുകളിൽ നിന്ന് മണൽ ഖനനത്തിനും വിപണനത്തിനും നിലവിൽ അനുമതിയുള്ള സൊസൈറ്റികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. കോട്ടപ്പുറം പൂഴിവാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം , ലിമിറ്റഡ് നം. എസ്. 491.
2. മടക്കര പരമ്പരാഗത മണൽ വാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം ലിമിറ്റഡ് നം. എസ്. 525
3. ഓരിക്കടവ് പൂഴിവാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ് നം. എസ്. 513.
4. കൈതക്കാട് പൂഴിവാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ് നം. എസ്. 514.
5. അച്ചാംതുരുത്തി പൂഴിവാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ് നം. എസ്. 489.
6. ചളിയംകോട് മണൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ് നം. എസ്. 448.
7. കാസറഗോഡ് താലൂക്ക് പൂഴി തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ് നം. എസ്. 440.
8. കാസറഗോഡ് പോർട്ട് മാന്വൽ ഡ്രഡ്ജിംഗ് വർക്കേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.എസ്. 495.
9. ഷിറിയ വളയം പൂഴി തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ് നം. എസ്. 501
10. മൊഗ്രാൽ പുത്തൂർ പൂഴി തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ് നം. എസ്.498.
11. ആരിക്കാടി മാന്വൽ ഡ്രഡ്ജിംഗ് വർക്കേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.എസ്. 505.
12. മഞ്ചേശ്വരം പൂഴി തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ് നം. എസ്. 494.